പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1810 12.06.2019-ലെ മറുപടിക്ക്

# കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ സൗജന്യ യാത്ര

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.അബ്ദുൽ ഹമീദ് പി. | ശ്രീ. എ.കെ. ശശീന്ദ്രൻ (ഗതാഗത വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സമൂഹത്തിൽ ഏതൊക്കെ വിഭാഗത്തിൽപ്പെട്ടവർക്കാണ് കെ.എസ്.ആർ.ടി.സി.ബസ്സുകളിൽ സൗജന്യ യാത്രയ്ക്ക് പാസ്സ് അനുവദിച്ചിട്ടുള്ളത്; എത്ര തരം പാസ്സുകളാണ് കെ.എസ്.ആർ.ടി.സി. ഇതിനായി വിതരണം ചെയ്തിട്ടുള്ളതെന്നും അവ ഏതൊക്കെ വിഭാഗങ്ങളിലുള്ളവർക്ക് എത്ര വീതമാണെന്നും വ്യക്തമാക്കാമോ; | (എ) | അംഗപരിമിതർ, അന്ധർ, ബധിര–മൂകർ, മാനസിക വൈകല്യം ബാധിച്ചവർ, സെറിബ്രൽ പാൾസി (അവരെ അനുഗമിക്കുന്ന ഒരാൾക്കും), ക്യാൻസർ രോഗം ബാധിച്ചവർ, സ്വാതന്ത്ര്യസമര സേനാനികൾക്കും അവരുടെ വിധവകൾക്കും, എം.എൽ.എമാർ, മുൻ എം.എൽ.എ.മാർ, എം.പി.മാർ - മുൻ എം.പി.മാർ, പത്ര-ദൃശ്യമാധ്യമ പ്രവർത്തകർ, അർജ്ജുന–ദ്രോണാചാര്യ അവാർഡ് ജേതാക്കൾ, കബീർ പുരസ്കാര ജേതാക്കൾ, ഭരണസമിതി അംഗങ്ങൾ - മുൻ ഭരണസമിതി അംഗങ്ങൾ, അംഗീകൃത ട്രേഡ് യൂണിയനുകളുടെ പ്രസിഡന്റിനും, ജനറൽ സെക്രട്ടറിക്കും.<br>പത്ത് തരം പാസുകളാണ് കെ.എസ്.ആർ.ടി.സി ഇതിനായി അനുവദിച്ചിട്ടുള്ളത്:<br>അംഗപരിമിതർക്ക് - 38387 എണ്ണം,<br>അന്ധർക്ക് - 10538 എണ്ണം,<br>ബധിര - മൂകർക്ക് - 6542 എണ്ണവും,<br>മാനസിക വൈകല്യം ബാധിച്ചവർക്കും അവരെ അനുഗമിക്കുന്നവർക്കും - 4059 എണ്ണം, സെറിബ്രൽ പാൾസിയ്ക്ക് - 82 എണ്ണവും ക്യാൻസർ രോഗം ബാധിച്ചവർക്കും (ചികിത്സയ്ക്ക് പോയി വരുന്നതിനും), സ്വാതന്ത്ര്യസമര സേനാനികൾക്കും അവരുടെ വിധവകൾക്കും - 2437 എണ്ണവും, എം.എൽ.എ മാർ - മുൻ എം.എൽ.എ മാർ, എം.പി.മാർ - മുൻ എം.പി.മാർ - 389 എണ്ണവും, പത്ര-ദൃശ്യമാധ്യമ പ്രവർത്തകർക്ക് - 438 എണ്ണം, അർജ്ജുന–ദ്രോണാചാര്യ അവാർഡ് ജേതാക്കൾ, കബീർ പുരസ്കാര |

| | | | |
|---|---|---|---|
| | | | ജേതാക്കൾ, ഭരണസമിതി അംഗങ്ങൾ - മുൻ ഭരണസമിതി അംഗങ്ങൾ, അംഗീകൃത ട്രേഡ് യൂണിയനുകളുടെ പ്രസിഡന്റിനും, ജനറൽ സെക്രട്ടറിക്കും. - 39 ഉണ്ട്. |
| (ബി) | ഏതൊക്കെ തരം കെ.എസ്.ആർ.ടി. സി.ബസുകളിലാണ് ഇവർക്ക് ഇത്തര ത്തിലുള്ള യാത്രാ സൗജന്യം അനു വദിച്ചിട്ടുള്ളത്; ഇതിൽ ഏതെല്ലാം വിഭാഗത്തിൽപ്പെട്ടവർക്കാണ് പൂർണ്ണ മായും സൗജന്യയാത്ര അനുവദിച്ചി ട്ടുള്ളത്; അങ്ങനെയുള്ള എത്രപേർ ആകെ ഉണ്ട്; | (ബി) | കോംപ്ലിമെന്ററി പാസുകൾ അനുവദിച്ചിട്ടുള്ള വർക്ക് സൂപ്പർ ഡീലക്സ് വരെയുള്ള ബസുകളിലും, വികലാംഗർക്കും, അന്ധർക്കും - സിറ്റി, ഓർഡിനറി, ഫാസ്റ്റ് പാസഞ്ചർ ബസുകളിലും, ബുദ്ധിമാന്ദ്യം ഉള്ളവർക്ക സിറ്റി, സിറ്റി ഫാസ്റ്റ്, ഓർഡിനറി ബസു കളിലും, ബധിര - മൂകർക്ക സിറ്റി, ഓർഡിനറി ബസുകളിലും യാത്ര അനുവദി ച്ചിട്ടുണ്ട്. പൂർണ്ണമായും അന്ധത അനുഭവിക്കു ന്നവർക്കും കോംപ്ലിമെന്ററി പാസുകൾ ലഭ്യമായിട്ടുള്ളവർക്കും 100% സൗജന്യ യാത്ര അനുവദിച്ചിട്ടുണ്ട്. അന്ധരിൽ 10538 പേർക്കും, കോംപ്ലിമെന്ററി പാസുകൾ നൽകിയ ഇനത്തിൽ 39 എണ്ണവും ഉണ്ട്. |
| (സി) | ഏതെല്ലാം വിഭാഗത്തിൽപ്പെട്ട എത്ര പേർക്ക് യാത്രാ നിരക്കിൽ 100 % ൽ താഴെ യാത്രാ നിരക്കിൽ കിഴിവ് അനുവദിച്ച് നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (സി) | അന്ധർക്ക് മാത്രമാണ് 100% യാത്രാ നിരക്കിൽ കിഴിവ് അനുവദിച്ചിട്ടുള്ളത്. |
| (ഡി) | കെ.എസ്.ആർ.ടി.സി ബസ്സുകളിൽ എം.പി,എം.എൽ.എ.,എക്സ്എം.പി/ എം.എൽ.എ.,കെ.എസ്.ആർ.ടി.സി. ജീവനക്കാർ/പെൻഷനേഴ്സ് തുടങ്ങി യവർ ഒഴികെ പൂർണ്ണമായും സൗജന്യ യാത്ര അനുവദിക്കപ്പെട്ടവർക്ക് പ്രസ്തുത സൗജന്യം തുടരുന്നത് പുന:രാലോചിക്കുന്നുണ്ടോ; ഉണ്ടെ ങ്കിൽ വിശദവിവരം ലഭ്യമാക്കുമോ; ഇല്ലെങ്കിൽ സൗജന്യം തുടരുന്നതിന്റെ കാരണം വ്യക്തമാക്കാമോ? | (ഡി) | സാമൂഹിക പ്രതിബദ്ധതയുടെ ഭാഗമായി സർക്കാർ ഉത്തരവുകൾക്ക് വിധേയമായിട്ടാണ് സൗജന്യ യാത്രാ പാസുകൾ അനുവദിക്കുന്ന ത്. ഇതിൽ എന്തെങ്കിലും മാറ്റം വരുത്തുന്നത് ഇപ്പോൾ പരിഗണനയിലില്ല. |

**സെക്ഷൻ ഓഫീസർ**